## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3962 **15.03.2017- ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിൽ നിന്നുള്ള വായ്പ എഴുതി തള്ളുന്നതിന് നടപടി**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ആർ. രാജേഷ്** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്തിട്ടുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വായ്പ എഴുതി തള്ളുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ ; | (എ) ഒന്നര ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും എടുത്തിരുന്നതും 31.03.2006 ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 25,000/- രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളിയിട്ടുണ്ട്.<br><br>ഇതേ പദ്ധതിയിൻകീഴിൽ പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിരുന്നതും 31.03.2006 ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 50,000/- രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളിയിട്ടുണ്ട്. കൂടാതെ ഇതേ പദ്ധതിയിൻ കീഴിൽ പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിരുന്നതും 31.03.2010 ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകളും എഴുതിത്തള്ളിയിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 01.04.2006 മുതൽ 31.03.2014 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി തീർന്ന് കുടിശ്ശികയായിട്ടുള്ളതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ പലിശയും, പിഴപലിശയും അടക്കം എഴുതിത്തള്ളുന്ന പദ്ധതി നടപടി പുരോഗമിച്ചു വരികയാണ്. |

| | |
|---|---|
| (ബി) ഇതിനായി എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കമോ ; | (ബി) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതി നിലവിലുണ്ട്.<br>പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2010 ൽ കാലാവധി കഴിഞ്ഞ് കടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പ എഴുതിത്തള്ളുന്ന പദ്ധതി പ്രകാരം ആദ്യ ഗഡു വിതരണം ചെയ്തിട്ടുണ്ട്. ബാക്കി തുക പട്ടികജാതി വികസന വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് സഹകരണ സംഘങ്ങൾക്ക്/ ബാങ്കുകൾക്ക് നൽകുന്നതാണ്.<br>പട്ടികവർഗ്ഗ വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 01.04.2006 മുതൽ 31.03.2014 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി തീർന്ന് കടിശ്ശികയായിട്ടുള്ളതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ പലിശയും പിഴപലിശയും അടക്കം എഴുതിത്തള്ളുന്ന പദ്ധതിയുടെ നടപടി പുരോഗമിച്ചു വരികയാണ്. |
| (സി) സർക്കാർ ഇതിനായി തുക മാറ്റി വച്ചിട്ടുണ്ടോ? | (സി) സർക്കാർ ഇതിനായി തുക മാറ്റി വെച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**